പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1928

22-03-2012 – ൽ മറുപടിയ്ക്ക്

**ചാത്തന്നൂർ മണ്ഡലത്തിലെ സൗത്ത് പരവൂർ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം**

ചോദ്യം

ഉത്തരം

| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സൗത്ത് പരവൂർ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിലേയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സൗത്ത് പരവൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനോടനുബന്ധിച്ച് 26.12.2008 – ലെ ജി.ഒ. (ആർ.ടി) നമ്പർ 747/08/എഫ് & പി.ഡി ഉത്തരവുപ്രകാരം ഇൻവെസ്റ്റിഗേഷൻ പഠനങ്ങൾ നടത്തുന്നതിനായി 12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് ചീഫ് എൻജിനീയർ, ഫിഷറീസ് ഡയറക്ടർ എന്നിവർ സ്ഥലം പരിശോധിക്കുകയും സൗത്ത് പരവൂരിലെ ചില്ലിക്കൽ എന്ന പ്രദേശം സാധ്യതാ പഠനത്തിനായി നിർദ്ദേശിക്കുകയും അവിടെ സാദ്ധ്യതാപഠനം ആരംഭിക്കുകയും ചെയ്തു. എന്നാൽ സൗത്ത് പരവൂരിലെ ഒരു വിഭാഗം ജനങ്ങൾ തെക്കുംഭാഗത്തുതന്നെ മിനിഫിഷിംഗ് നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ചു. തുടർന്ന് സർക്കാർ ജില്ലാ കളക്ടറോട് സ്ഥലം എം.എൽ.എ. യെ ഉൾപ്പെടുത്തി യോഗം കൂടി സ്ഥലത്തെക്കുറിച്ചുള്ള തീരുമാനം അറിയിക്കുന്നതിനു നിർദ്ദേശിച്ചു. ഇതനുസരിച്ച് 05-09-2011 – ൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ സ്ഥലം എം.എൽ.എ ശ്രീ.ജി.എസ്. ജയലാലിനെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ടി യോഗത്തിൽ സൗത്ത് പരവൂരിലെ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നത് ഉചിതമായിരിക്കും എന്ന് തീരുമാനിച്ച് സർക്കാരിനെ അറിയിക്കുകയും ആയത് സർക്കാർ 5.01.2012 – ലെ 12638/ബി2/10 മഉവ നമ്പർ കത്ത് പ്രകാരം അംഗീകരിച്ച് അറിയിക്കുകയും ചെയ്തു. ഇതനുസരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരമ്പരാഗത മത്സ്യബന്ധനത്തിനും ആഴക്കടൽ മത്സ്യബന്ധനത്തിനും ഉതകുന്ന തരത്തിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത വികസന പ്രവർത്തനം നടപ്പിലാക്കുന്നതിൽ ഗുരുതരമായ കാലതാമസവും വീഴ്ചയും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |
| (സി) | എങ്കിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുവാൻ ശ്രദ്ധിക്കുമോ? | (സി) | വിശദമായ ഇൻവെസ്റ്റിഗേഷൻ പഠനത്തിനുശേഷം സൗത്ത് പറവൂരിലെ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് ഭരണാനുമതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ